**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1392** **30-01-2018 ൽ മറുപടിക്ക്**

**ഭൂമി പതിവ് ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭൂമി പതിവ് ചട്ടങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;<br><br>(ബി) ഇടുക്കി ജില്ല ഉൾപ്പെടെയുള്ള മലയോര മേഖലകളിൽ പട്ടയം നൽകുന്നതിന് നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ എന്തെല്ലാമാണ്; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ.ഉ (പി) നം. 60/2017/റവ തീയതി 17.08.2017 പ്രകാരം 1964 ലെ ഭൂമിപതിവ് ചട്ടങ്ങളിൽ ചട്ടം 7,8,9 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br>ടി ഭേദഗതി പ്രകാരമുള്ള മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 1964-ലെ ചട്ടപ്രകാരം കൈവശത്തിലുള്ള ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്.<br>2) കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടിയാൽ 25 വർഷത്തേക്ക് അന്യാധീനപ്പെടുത്താൻ പാടില്ലായെന്നുള്ളത് 12 വർഷത്തേക്ക് എന്ന് പുനർനിർണ്ണയം ചെയ്തിട്ടുണ്ട്.<br>3) ഭവനനിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ, ഭൂമി അഭിവൃദ്ധി പ്പെടുത്തുന്നതിനോ വേണ്ടി പതിച്ചു കിട്ടിയ ഭൂമി ഗവൺമെന്റിനോ, ബാങ്കിനോ, ധനകാര്യ സ്ഥാപനങ്ങൾക്കോ, റബ്ബർ ബോർഡിനോ, ടീ ബോർഡിനോ, ജാമ്യമെന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്. പതിച്ചുകിട്ടുന്ന ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങളിൽ ചന്ദനം പോലുള്ള മരങ്ങൾ ഒഴികെയുള്ളവ മുറിക്കുന്നതിന് തടസ്സമില്ലാത്ത തരത്തിലുള്ള ഭേദഗതി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ജില്ല | എൽ.എ പട്ടയം (KLA Rules 1964-1995) | കോളനി പട്ടയം | ലക്ഷംവീട് പട്ടയം | സുനാമി പട്ടയം | മിച്ചഭൂമി പട്ടയം | ദേവസ്വം പട്ടയം | എൽ.റ്റി.പട്ടയം | കണ്ടുകൃഷി പട്ടയം | വ്യാവസായിക പട്ടയം | വനഭൂമി പട്ടയം | ഹൈറേഞ്ച് കോളനൈസേഷൻ സ്കീം | ആദിവാസി പട്ടയം | കാണം സെറ്റിൽമെന്റ് | ശ്രീ പണ്ടാരവക പട്ടയം | വനാവകാശ രേഖ | കൈവശരേഖ | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി | പുറമ്പോക്ക് പട്ടയം | ഭൂദാനപട്ടയം | ക്രയ സർട്ടിഫിക്കറ്റ് | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 72 | 0 | 0 | 0 | 0 | 0 | 71 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 0 | - | - | - | 145 |
| കൊല്ലം | 47 | 0 | 23 | 2 | 0 | 0 | 41 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 18 | - | - | - | 131 |
| പത്തനംതിട്ട | 6 | 0 | 0 | 0 | | | 57 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | - | - | - | 63 |
| ആലപ്പുഴ | 2 | 29 | 0 | 3 | 21 | 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3 | - | - | 70 |
| കോട്ടയം | 52 | 5 | - | - | - | 22 | - | - | 1 | | - | - | - | - | - | - | - | - | - | 169 | 249 |
| ഇടുക്കി | 428 | - | - | - | - | - | - | - | - | 3313 | 5 | | | - | - | - | - | - | - | - | 3746 |
| എറണാകുളം | 340 | 1 | 8 | | 3 | 285 | 761 | - | - | | - | 97 | 73 | - | - | 70 | 3 | - | - | - | 1641 |
| തൃശൂർ | 13 | 22 | 2 | 0 | 1 | 2280 | 1787 | - | - | 87 | - | 0 | 6398 | - | - | - | 96 | - | - | - | 10686 |
| പാലക്കാട് | - | 16 | 205 | | 4 | 395 | 2000 | - | - | 517 | - | - | - | - | 32 | - | 485 | - | - | - | 3654 |
| മലപ്പുറം | 7 | 2 | 41 | 0 | 12 | 579 | 6020 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 227 | 0 | 0 | - | 6888 |
| കോഴിക്കോട് | 5 | 34 | - | - | - | 695 | 3524 | - | - | - | - | - | - | - | - | - | 1 | - | - | - | 4259 |
| വയനാട് | 116 | - | - | - | - | 2 | 432 | - | - | - | - | - | - | - | - | - | 21 | - | - | - | 571 |
| കണ്ണൂർ | - | - | 38 | - | - | 244 | 1122 | - | - | - | | - | - | - | - | - | 11 | - | 2 | - | 1417 |
| കാസർഗോഡ് | 1976 | 0 | 0 | 0 | 0 | 113 | 605 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 632 | | | | 3326 |
| ആകെ | 3064 | 109 | 317 | 5 | 41 | 4627 | 16420 | 0 | 1 | 3917 | 5 | 97 | 6471 | 0 | 34 | 70 | 1494 | 3 | 2 | 169 | 36846 |

സെക്ഷൻ ഓഫീസർ